ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്
**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻ കീഴിലുള്ള മേല്പട്ടക്കാർക്കും
കോറെപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot No CPL 1/2010

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും**
**സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രിയേക ദൈവത്തിനു സ്തുതി.**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശ്ശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

പുനഃരൈക്യ സ്വപ്നസാക്ഷാത്ക്കാരത്തിന്റെ എൺപതാം വർഷത്തിലേക്കു പ്രവേശിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭ, ദൈവകൃപയാൽ ചരിത്രത്തിന്റെ അനർഘ നിമിഷങ്ങളിലൂടെ കടന്നുപോവുകയാണ്. പുണ്യശ്ലോകനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റേയും പുണ്യചരിതരായ പിൻഗാമികളുടെയും കലവറയില്ലാത്ത സഭാസമർപ്പണത്തിന്റെ ഫലം കാലാന്തരത്തിൽ വിവിധ രൂപത്തിലും ഭാവത്തിലും മലങ്കര മക്കൾ ഇന്ന് അനുഭവിക്കുകയാണ്. ആഗോള സഭാകൂട്ടായ്മയിൽ ഒരു ഉജ്ജ്വല സാക്ഷ്യമായി നമ്മുടെ സഭ വളർന്നുകൊണ്ടിരിക്കുന്നതിൽ സർവ്വശക്തനായ ദൈവത്തിന്റെ മുൻപിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ നമ്മെത്തന്നെ നമുക്ക് പുനഃസമർപ്പണം ചെയ്യാം.

നമ്മുടെ സഭയിൽ ഇപ്പോൾ നൈയാമികമായി നിലവിൽവന്ന ഏതാനും സഭാസംവിധാനങ്ങൾ സഭാമക്കൾ ഏവരേയും സന്തോഷത്തോടെ ഔദ്യോഗികമായി അറിയിക്കുവാൻ ഞാൻ

ആഗ്രഹിക്കുന്നു. സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ സമ്മതത്തോടും റോമിലെ പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പായുടെ അംഗീകാരത്തോടും കൂടി രണ്ട് പുതിയ ഭദ്രാസനങ്ങൾ നമ്മുടെ സഭയിൽ സ്ഥാപിച്ചിരിക്കുന്നു. കേരളത്തിൽ പത്തനംതിട്ട കേന്ദ്രമായും, കർണ്ണാടക സംസ്ഥാനത്തിൽ പുത്തൂർ കേന്ദ്രമാക്കിയുമാണ് പുതിയ ഭദ്രാസനങ്ങൾ രൂപീകരിച്ചിരിക്കുന്നത്. അതോടൊപ്പം, പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തെരഞ്ഞെടുത്ത് പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പായുടെ അംഗീകാരത്തോടെ നാല് പേരെ പുതിയ മെത്രാന്മാരെയും ഞാൻ നിയമിച്ചു. മാർത്താണ്ഡം ഭദ്രാസനത്തിന്റെ ഇപ്പോഴത്തെ മെത്രാപ്പോലിത്താ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയെ പുതിയ ഭദ്രാസനമായ പത്തനംതിട്ടയിലേയ്ക്കും ബത്തേരി ഭദ്രാസനത്തിന്റെ മെത്രാപ്പോലിത്താ അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയെ പുതിയ ഭദ്രാസനമായ പുത്തൂരിലേയ്ക്കും സ്ഥലംമാറ്റി നിയമിച്ചു. വടക്കേ അമേരിക്കയുടെയും യൂറോപ്പിന്റെയും അപ്പസ്തോലിക് വിസിറ്റേറ്റർ അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയെ ബത്തേരി ഭദ്രാസനത്തിന്റെ പുതിയ മെത്രാപ്പോലീത്തയായി നിയമിച്ചു. മാർത്താണ്ഡം ഭദ്രാസനത്തിന്റെ പുതിയ മെത്രാനായി, ഇപ്പോൾ സെന്റ് മേരീസ് മലങ്കര സെമിനാരിയിൽ പ്രൊഫസറും റജിസ്ട്രാറുമായിരിക്കുന്ന റവ. ഡോ. വിൻസെന്റ് കുളപ്പുറവിളൈ അച്ചനെ നിയമിച്ചു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ വികാരി ജനറൽ റവ. ഡോ. സാമുവേൽ കാട്ടുകല്ലിൽ അച്ചൻ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലും, തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര സെമിനാരിയുടെ ദൈവശാസ്ത്ര വിഭാഗത്തിന്റെ ഡീൻ, റവ. ഡോ. സ്റ്റീഫൻ തോട്ടത്തിൽ അച്ചൻ തിരുവല്ലാ അതിഭദ്രാസനത്തിലും സഹായ മെത്രാന്മാരായി നിയമിതരായി. മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ ചാൻസലറും, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടികളുടെ പോസ്റ്റുലേറ്ററുമായ റവ ഡോ. ആന്റണി വലിയവിളയിൽ ഒ.ഐ.സി. അച്ചൻ സഭയുടെ പൊതുഭരണത്തിൽ എന്നെ സഹായിക്കുന്നതിനും സുന്നഹദോസിന്റെ കമ്മീഷനുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും സഭാകൂരിയായുടെ മെത്രാനായും നിയമിതനായി.

ഈ പ്രഖ്യാപനം, റോമിലും, സഭയുടെ ആസ്ഥാനമായ തിരുവനന്തപുരത്തും 2010 ജനുവരി 25-ാം തീയതി വൈകുന്നേരം 4.30 ന് നടത്തപ്പെട്ടു. തിരുവനന്തപുരത്ത് സെന്റ് മേരീസ് കത്തീഡ്രലിൽ സഭയിലെ മെത്രാപ്പോലീത്താമാരുടെയും സന്യാസ സമൂഹ ശ്രേഷ്ഠന്മാരുടെയും ബഹുമാനപ്പെട്ട വൈദികരുടെയും സന്യസ്തരുടെയും അനേകം അല്മായരുടെയും സാന്നിദ്ധ്യത്തിൽ ഞാൻ ഈ പ്രഖ്യാപനങ്ങൾ നടത്തി. തിരുവല്ല അതിഭദ്രാസനകേന്ദ്രത്തിലും, മാർത്താണ്ഡം, ബത്തേരി ഭദ്രാസനകേന്ദ്രങ്ങളിലും തത്സമയം പ്രഖ്യാപനങ്ങൾ നടന്നു.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും മെത്രാന്മാർ ഒരേ സമയം നിയമിതരാകുന്നത്. തമിഴ് നാടിനു പുറമെ, കർണ്ണാടകത്തിൽക്കൂടി മലങ്കര കത്തോലിക്കാ സഭയ്ക്ക് പുതിയ ഭദ്രാസനം നിലവിൽ വന്നിരിക്കുന്നു. പുതിയ നിയമനത്തോടുകൂടി നമ്മുടെ സഭയിൽ ഇപ്പോൾ 8 ഭദ്രാസനങ്ങളും 13 പിതാക്കന്മാരുമുണ്ട്. റോമിലെ തിരുസിംഹാസനത്തോടുള്ള നമ്മുടെ ഹൃദയം നിറഞ്ഞ നന്ദിയും ആദരവും അറിയിക്കുന്നു.

ബത്തേരി ഭദ്രാസനത്തിൽ പന്ത്രണ്ട് വർഷം അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലിത്തായും മാർത്താണ്ഡം ഭദ്രാസനത്തിൽ പതിനൊന്ന് വർഷം അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്തായും അമേരിക്കയിലും യൂറോപ്പിലും നാലു വർഷം അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലിത്തായും നൽകിയിട്ടുള്ള സമുജ്ജ്വലമായ നേതൃത്വത്തിനും സമർപ്പണത്തിനും സഭയുടെ നാമത്തിൽ ഞാൻ അഭിവന്ദ്യ പിതാക്കന്മാർക്ക് ഹൃദയപൂർവ്വം കൃതജ്ഞതയർപ്പിക്കുന്നു.

നിയുക്ത പിതാക്കന്മാരുടെ മെത്രാഭിഷേകം സംയുക്തമായി 2010 മാർച്ച് 13ന് തിരുവനന്തപുരത്ത് നാലാഞ്ചിറ മാർ ഈവാനിയോസ് വിദ്യാനഗറിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. നിയുക്ത പിതാക്കന്മാരുടെ റമ്പാൻ പട്ടം, ഭദ്രാസന ഉത്ഘാടനം, പിതാക്കന്മാരുടെ സ്ഥാനാരോഹണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ച് പിന്നാലെ അറിയിപ്പുകൾ നല്കുന്നതാണ്. ദിവ്യമായ ഈ ശുശ്രൂഷകളിലും ഇതരകർമ്മങ്ങളിലും നിങ്ങളേവരുടേയും നിർലോഭമായ സാന്നിദ്ധ്യസഹകരണങ്ങൾ ഉണ്ടാകണമെന്ന് പ്രത്യേകമായി ഞാൻ ഓർമ്മിപ്പിക്കുന്നു.

പുതിയ ഭദ്രാസനങ്ങൾക്കുവേണ്ടിയും, മെത്രാപ്പോലീത്താമാർക്കു വേണ്ടിയും, നിയുക്ത മെത്രാന്മാർക്കുവേണ്ടിയും നിങ്ങളേവരും ദൈവസന്നിധിയിൽ പ്രാർത്ഥിക്കണം.

ആയത് ദൈവമാതാവായ പരി. കന്യാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥന കളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



26.01.2010
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ**
മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

N.B.: ഈ കല്പന അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.